## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1418 04.12.2014 ലെ മറുപടിയ്ക്ക്

## തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) തിരുവല്ലാ ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി 2004 ൽ ആരംഭിക്കുകയുണ്ടായി. അതിൽ 5.4087 ഹെക്ടർ സ്ഥലം ജില്ലാ ഭൂമി വാങ്ങൽ കമ്മറ്റി ചർച്ചയിലൂടെ നിശ്ചയിച്ച വില നൽകി ഉടമകളിൽ നിന്ന് നേരിട്ട് വാങ്ങി വിലയാധാരം രജിസ്ററർ ചെയ്തും, വിലയാധാരം ചെയ്യാൻ തയ്യാറല്ലാത്തവരുടെ ഭൂമി പൊന്നും വില നടപടി പ്രകാരവും അവാർഡ് പാസാക്കി 2008 ൽ ഏറ്റെടുക്കുകയും ചെയ്തു. |
| (ബി) നേരത്തെ നടത്തിയ സ്ഥലമെടുപ്പ് നടപടി ബഹു. ഹൈക്കോടതി റദ്ദാക്കിയതിന്റെ കാരണം വിശദമാക്കാമോ? | (ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെ സ്ഥലം ഉടമകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത മൂന്നു കേസുകളിലും കെ.എസ്.ടി.പി.യ്ക്ക് അനുകൂലമായ വിധിയാണുണ്ടായതെങ്കിലും അതിനെതിരെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമത്തിന്റെ വെളിച്ചത്തിൽ അവാർഡ് അസാധുവാക്കാൻ ഫയൽ ചെയ്ത അപ്പീൽ ഹർജിയിൽ (WA-104/14) സുപ്രീം കോടതിയിലെ പൂനെ മുൻസിപ്പൽ കോർപ്പറേഷൻ Vs സോളങ്കി കേസിന്റെ വിധി ന്യായം ഈ കേസിലും ബാധകമെന്ന രീതിയിൽ പുതിയ നിയമത്തിന്റെ 24(2) ഖണ്ഡിക പരാമർശിച്ച്, അവാർഡ് കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ വസ്തു ഉടമകളുടെ പേരിൽ കോടതിയിൽ നഷ്ട പരിഹാരം നിക്ഷേപിച്ചില്ല, പകരം പണം റവന്യൂ |

| | | | |
|---|---|---|---|
| | | | ഡെപ്പോസിറ്റായി വയ്ക്കുകയാണുണ്ടായത് എന്ന കാരണത്താൽ ബഹു.ഹൈക്കോടതി അവാർഡ് അസാധുവാക്കുകയുണ്ടായി. |
| (സി) | പുതിയ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) & (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) | ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**